# ഉള്ളടക്കം


തുടക്കം ........................................................................................ 7

ഭാഗം: 1

ഖബ്ർ സിയാറത്ത് ലക്ഷ്യവും വ്യതിയാനവും

ഖബ്ർ സിയാറത്തിന്റെ ലക്ഷ്യം ...................................... 17
ആഗ്രഹസഫലീകരണത്തിന് ഖബ്ർ സിയാറത്ത്..... 25

ഭാഗം: 2

ഖബ്ർ കെട്ടിപ്പൊക്കൽ പ്രമാണവും വ്യതിയാനവും

ഖബ്ർ കെട്ടിപ്പൊക്കൽ: ഇസ്‌ലാമിന്റെ നിലപാട് ........ 39
ഖബ്ർ കെട്ടിപ്പൊക്കൽ ശാഫിഈ മദ്ഹബിൽ ......... 47
ഖബ്ർ കെട്ടിപ്പൊക്കലും ദുർന്യായങ്ങളും ................... 57
ഉസ്മാനുബ്നു മള്ഊൻ(റ)ന്റെ ഖബ്ർ ......................... 65
വീണ്ടും കളവുകൾ .................................................................. 73

ഭാഗം: 3

ഖബ്‌റും അനാചാരങ്ങളും

ഖബ്ർ തേപ്പ് നടത്തലും അലങ്കരിക്കലും ..................... 79
ഖബ്‌റിന്മേൽ പേരെഴുതൽ ................................................ 89
ഖബ്‌റും ഖുർആൻ പാരായണവും ............................... 92
ഖബ്‌റും നിലവിളക്കും ......................................................... 99
ഖബ്ർ തൊടൽ, മുത്തൽ, ബറകത്തെടുക്കൽ .......... 112
ജാറം മൂടൽ ......................................................................... 127
ഖബ്‌റും പൂവും .................................................................. 134
ഖബ്‌റും സത്യംചെയ്യലും ................................................ 142
ഖബ്‌റും ഏലസ്സും ................................................................ 151

ഖബ്ർ ത്വവാഫ് (പ്രദക്ഷിണം) ചെയ്യൽ ..................... 153
ഖബ്റും നേർച്ചയും ............................................................ 163
ഖബ്റും ആണ്ട്നേർച്ചയും .................................................. 174
ഖബ്റും മുട്ടുംവിളി നേർച്ചയും ........................................... 181
ഖബ്റും ആനയും ................................................................ 190
മഖ്ബറയും വെടിക്കെട്ടും ................................................... 199
മഖ്ബറകളിലേക്ക് മൃഗങ്ങളെ നേർച്ചയാക്കൽ ........ 207
മഖ്ബറയും അന്നദാനവും ................................................. 216
മഖ്ബറയും കൂട്ടുപ്രാർത്ഥനയും ......................................... 218
ഖബ്റും കൊടിയും ............................................................. 220

## ഭാഗം: 4
## മഖ്ബറകളും വിചിത്ര ആചാരങ്ങളും

തൊട്ടിൽ കെട്ടൽ ................................................................ 231
സന്തൽ യാത്ര ...................................................................... 234
താബൂത്ത് കാഴ്ച ................................................................. 236
പെട്ടിവരും കുട്ടവരവും ....................................................... 237
പട്ടണപ്രദക്ഷിണം .............................................................. 246
തേങ്ങയുടക്കൽ .................................................................. 247
തോക്കെടുക്കൽ .................................................................. 250
അപ്പവാണിഭം ...................................................................... 253
ചന്ദനമെടുക്കൽ .................................................................. 257
മയിൽപീലി ......................................................................... 258
മധുരച്ചോറ് .......................................................................... 259
പൂമണ്ണ് വിതരണം ................................................................ 262
അവസാനിക്കാത്ത ദുരാചാരങ്ങൾ .................................. 263

## ഭാഗം: 5
## പരിഹാരം

അല്ലാഹുവിലേക്ക് മടങ്ങുക ............................................... 275
ആഗ്രഹസഫലീകരണം യാഥാർത്ഥ്യമെന്ത്? ........... 283
അനുഭവങ്ങൾ തെളിവല്ല .................................................... 289
ആരുടെ പാരമ്പര്യം?! ......................................................... 291
അവസാനിപ്പിക്കും മുമ്പ് ...................................................... 299

# പ്രസാധകക്കുറിപ്പ്

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ഖുർആനും തിരുസുന്നത്തും വരച്ചുകാണിച്ചതും, സച്ചരിതരായ പൂർവ്വികർ (സലഫുസ്സ്വാലിഹുകൾ) സഞ്ചരിച്ചതുമായ സത്യത്തിന്റെ പാതയാണ് അഹ്‌ലുസ്സുന്നത്തി വൽജമാഅഃ. നരകത്തിൽ നിന്ന് രക്ഷപ്പെടാനും സ്വർഗത്തിൽ പ്രവേശിക്കാനുമുള്ള ഒരേഒരു മാർഗം ആ വഴിയിലൂടെ ജീവിക്കൽ മാത്രമാണ്.

ഖേദകരമെന്ന് പറയട്ടെ, ഈ സത്യമാർഗം സ്വീകരിക്കുന്നതിനു പകരം മതത്തിൽ പിൽകാലത്ത് കടന്നുകൂടിയ അനാചാരങ്ങളേയും വിശ്വാസവൈകല്യങ്ങളേയും കണ്ണുംപൂട്ടി സ്വീകരിക്കാനും പിൻപറ്റാനുമാണ് ഇന്ന് പലർക്കും താൽപര്യം. അതും അല്ലഹുവും അവന്റെ റസൂലും ശക്തമായി വിരോധിക്കുകയും ശപിക്കുകയും ചെയ്ത ജൂത-ക്രൈസ്തവരുടെ പാരമ്പര്യങ്ങളും വഴിപിഴച്ച നടപടിക്രമങ്ങളും!

ഇത്തരമൊരു പശ്ചാത്തലത്തിൽ, ഇസ്‌ലാം പഠിപ്പിക്കുന്ന ആശയാദർശങ്ങൾ അതിന്റെ ആദിമ പരിശുദ്ധിയോടെ സമൂഹത്തിന് പകർന്നുകൊടുക്കുകയും അതോടൊപ്പം മേൽ പറഞ്ഞ അനാചാരങ്ങളെയും വിശ്വാസവൈകല്യങ്ങളെയും തുറന്നുകാണിക്കുകയും ചെയ്യുക എന്നതാണ് **അഹ്‌ലുസ്സുന്ന ബുക്സി**ന്റെ ലക്ഷ്യം إن شاء الله. ഈ ലക്ഷ്യം നിർവ്വഹിക്കുന്ന നിരവധി പുസ്തകങ്ങൾ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ പ്രസിദ്ധീകരിക്കാൻ **അഹ്‌ലുസ്സുന്ന ബുക്സി**ന് സാധിച്ചിട്ടുമുണ്ട് الحمد لله.

'സത്യസന്ദേശം' എന്ന സീരീസിൽ പ്രസിദ്ധീകരിക്കുന്ന ഈ കൃതികൾ പ്രത്യേകിച്ചും ആ ദൗത്യനിർവ്വഹണത്തിൽ മുന്നിൽ നിൽക്കുന്നവയാണ്. ഈ പരമ്പരയിലെ കൃതികളുടെ മറ്റൊരു പ്രത്യേകത, ഇതിലുദ്ധരിക്കുന്ന തെളിവുകളെല്ലാം മൂലഗ്രന്ഥങ്ങളിൽ നിന്നും ഒരു പുള്ളിക്കുപോലും മാറ്റം വരുത്താതെ നേരിട്ട് ചേർത്തുകൊണ്ടാണ് എന്നതാണ്. അതുകൊണ്ടുതന്നെ സാധാരണക്കാർക്കും പണ്ഡിതന്മാർക്കും ഒരുപോലെ അത് ഉപകാരപ്പെടുന്നു. ഓരോ വിഷയത്തിലും ബന്ധപ്പെട്ട തെളിവുകളും രേഖകളും നേരിട്ട് കാണുന്ന പ്രതീതി ലഭിക്കുകയും ചെയ്യും. മാത്രമല്ല, തികച്ചും നിഷ്പക്ഷമായ വിശകലനമാണ് അവയിൽ നിർവ്വഹിക്കുന്നത് എന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

'മഖ്ബറ ആചാരവും അനാചാരവും' എന്ന ഈ കൃതിയും മേൽ പറഞ്ഞതുപോലെ ഈ വിഷയത്തിലുള്ള ഒരു നിഷ്പക്ഷ പഠനവും വിശകലനവുമാണ്. ഈ വിഷയം ഇത്ര ആധികാരികമായി ചർച്ച ചെയ്ത മറ്റൊരു കൃതി മലയാളത്തിൽ വേറെയില്ല എന്ന് തീർത്ത് പറയാനാകും. തെറ്റിദ്ധാരണകളിൽ അകപ്പെട്ടവർക്ക് തിരുത്താനും

ഓരോ കാര്യങ്ങളിലും സത്യവും അസത്യവും തെളിവുകളുടെ വെളിച്ചത്തിൽ വേർതിരിച്ചറിയാനും ഇത് സഹായകമാകും എന്ന പ്രതീക്ഷയോടെ, പ്രാർത്ഥനയോടെ, ഈ കൃതി സത്യാന്വേഷികൾക്കായി ഞങ്ങൾ സമർപ്പിക്കുന്നു....

റബ്ബേ, എന്നെന്നും അവശേഷിക്കുന്ന പ്രതിഫലാർഹമായ ഒരു കർമമായി ഞങ്ങളിൽ നിന്നും നീ ഇത് സ്വീകരിക്കേണമേ...

**ഡയറക്ടർ,**
**അഹ്ലുസ്സുന്നഃ ബുക്സ്**

# തുടക്കം

بسم الله الرّحمن الرّحيم

الحمد للّه ربّ العالمين، والصّلاة والسّلام على رسوله الأمين، وعلى آله وأصحابه أجمعين، أمّا بعد:

**ബ**ഹുദൈവ വിശ്വാസത്തിന്റെ യാതൊരുവിധ കലര്‍പ്പുമില്ലാത്ത, ശുദ്ധമായ ഏക ദൈവ സിദ്ധാന്തമാണ് (തൗഹീദ്) ഇസ്‌ലാമിന്റെ മൗലികമായ അടിത്തറ. ഇടയാളന്മാരും മധ്യവര്‍ത്തികളുമില്ലാതെ നേര്‍ക്കുനേരെ സ്രഷ്ടാവിനോട് ബന്ധപ്പെടുക എന്നതാണ് അതിന്റെ കാതല്‍. അതുകൊണ്ടുതന്നെ ഇന്ന് വിവിധ സമൂഹങ്ങളിലും മതങ്ങളിലും കണ്ടുവരുന്ന എല്ലാവിധ ഇടയാളത്ത സമ്പ്രദായങ്ങളെയും ഇസ്‌ലാം അതിശക്തമായി എതിര്‍ക്കുന്നു! ഇസ്‌ലാമിനെ മറ്റെല്ലാ മതങ്ങളില്‍ നിന്നും തത്വശാസ്ത്രങ്ങളില്‍ നിന്നും അടിസ്ഥാനപരമായി വേറിട്ടു നിര്‍ത്തുന്നതും ഈ ഏകദൈവ സിദ്ധാന്തവും അതിലുള്ള കണിശതയും തന്നെയാണ്. മാത്രമല്ല, മനുഷ്യന്റെ ആജന്മ ശത്രുവായ പിശാച് അവരെ ഏറ്റവും കൂടുതല്‍ വഴിതെറ്റിക്കാന്‍ ശ്രമിക്കുന്നതും മേല്‍ പറഞ്ഞ ആദര്‍ശത്തില്‍ നിന്നു തന്നെയാണ്. കാരണം, തൗഹീദില്‍ ഒരാള്‍ക്ക് വ്യതിയാനമുണ്ടായാല്‍ പിന്നെ അവന്‍ നരകാവകാശിയായിക്കൊള്ളുമെന്ന് അവനറിയാം.

പക്ഷെ, ഇസ്‌ലാമിക പ്രമാണങ്ങളില്‍ നിന്ന് അല്ലാഹുവിനെ മനസ്സിലാക്കിയ ഒരു മുസ്‌ലിമിനെ വിഗ്രഹാരാധന പോലെയുള്ള കടുത്ത ശിര്‍ക്കുകള്‍ ചെയ്യിപ്പിച്ചുകൊണ്ട് വഴിതെറ്റിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല! അതിനാല്‍ അവന്‍ കണ്ട കുറുക്കുവഴിയാണ് സാധാരണക്കാരായ ആളുകളുടെ മനസ്സില്‍ മഹാത്മാക്കളെ കുറിച്ചും അവരുടെ ഖബ്റുകളെക്കുറിച്ചും അമിതമായ ആദരവുണ്ടാക്കിയെടുക്കുക എന്നത്. കാരണം, മാതൃകാ ജീവിതം നയിക്കുകയും ദീനീ രംഗത്ത് തങ്ങള്‍ക്ക് നേതൃത്വം നല്‍കുകയും ചെയ്ത നല്ലവരായ ആളുകളെക്കുറിച്ച് ഒരാളുടെ മനസ്സില്‍ സ്നേഹവും ബഹുമാനവുമുണ്ടാവുക സ്വഭാവികമാണല്ലോ? ഈ സ്നേഹത്തെയാണ് പിശാച് പ്രധാനമായും ചൂഷണം ചെയ്തത്.

അങ്ങനെ, മഹാത്മാക്കളെ സ്നേഹിക്കുന്നവരുടെ മനസ്സില്‍ അവന്‍ ഇപ്രകാരം ദുര്‍ബോധനം നടത്തി: നിങ്ങള്‍ക്ക് ഏറെ വേണ്ടപ്പെട്ടവരും, ദീനീ രംഗത്ത് നേതൃത്വം നല്‍കിയവരുമായ മഹാത്മാക്കളാണ് ഈ ഖബ്റുകളില്‍ കിടക്കുന്ന മഹാന്മാര്‍. അവരെ നാമൊരിക്കലും മറക്കാന്‍ പാടില്ല; ഇനി നമ്മുടെ മുമ്പില്‍ അവരുടേതായി അവശേ

ഷിക്കുന്നത് അവർ അന്ത്യവിശ്രമം കൊള്ളുന്ന അവരുടെ ഖബ്റുകൾ മാത്രമാണ്. അതിനാൽ, ആ ഖബ്റുകളെ കാടുപിടിച്ച് കിടക്കാനനുവദിക്കാതെ സംരക്ഷിക്കുകയാണ് ആദ്യമായി നാം ചെയ്യേണ്ടത്. അതിനായി അവിടെ നിരന്തരം സിയാറത്ത് ചെയ്യുകയും അവരുടെ സ്ഥാനമനുസരിച്ച് അവ കെട്ടിപ്പൊക്കുകയും അലങ്കരിക്കുകയും വേണം. എങ്കിലേ ഒരു പരിധിവരെയെങ്കിലും അവരുടെ സ്മരണ നിലനിർത്താനാകൂ. ഇതായിരുന്നു പിശാചിന്റെ ആദ്യ ദുർബോധനം! ഖേദകരമെന്ന് പറയട്ടെ അവന്റെ മേൽ തന്ത്രത്തിൽ ശരിക്കും അകപ്പെടുകയായിരുന്നു ഈ സമൂദായം!!

കാലക്രമേണ അവർ മഹാത്മാക്കളുടെ ഖബ്റുകൾ കെട്ടിപ്പൊക്കുകയും അവക്ക് അമിതമായ ആദരവ് കാണിച്ച് നിരന്തരം അവിടങ്ങളിൽ കഴിച്ചുകൂട്ടി തുടങ്ങി!! എന്നാൽ, ഖബ്റുകൾ കെട്ടിപ്പൊക്കി സംരക്ഷിച്ചതുകൊണ്ടുമാത്രമോ അവിടെ സിയാറത്ത് ചെയ്യുന്നതുകൊണ്ട് മാത്രമോ ഒരാളുടെ വിശ്വാസത്തെ പൂർണമായി തകർക്കാനാകില്ലെന്ന് അവനറിയാം. അതിനവൻ അടുത്ത തന്ത്രവുമായി അവരെ സമീപിച്ചു. അതിപ്രകാരമായിരുന്നു: മഹാന്മാരുടെ ഖബ്റുകൾ അലങ്കരിച്ചതുകൊണ്ടോ അവ കൂടെക്കൂടെ സന്ദർശിച്ചതുകൊണ്ടോ മാത്രം അവരോടുള്ള സ്നേഹം പൂർണമാകില്ല; അവരുടെ പ്രീതിക്കായി നേർച്ചകളും വഴിപാടുകളും അർപ്പിക്കേണ്ടതുണ്ട്. മാത്രമല്ല, അല്ലാഹുവിന്റടുക്കൽ മഹത്തായ സ്ഥാനമുള്ളവരാണവർ. നാമാകട്ടെ നിത്യേന നിരവധി തെറ്റുകുറ്റങ്ങൾ ചെയ്യുന്നവരും! അതിനാൽ നമ്മുടെ കാര്യങ്ങൾ നാം നേരിട്ട് പറഞ്ഞാൽ അത് അല്ലാഹു സ്വീകരിക്കുകയില്ല. എന്നാൽ, അവന്റടുക്കൽ വലിയ സ്ഥാനമുള്ള ഈ മഹാത്മാക്കൾ നമുക്കുവേണ്ടി ശുപാർശ പറഞ്ഞാൽ അവൻ അത് വേഗത്തിൽ പരിഗണിക്കുന്നതാണ്. അതിനായി നാം ചെയ്യേണ്ടത് ഇത്രമാത്രം: ആ മഹാത്മാക്കളുടെ ഖബ്റിങ്കൽ ചെന്ന് നമ്മുടെ സങ്കടങ്ങളും ആവശ്യങ്ങളും പറയുക! എങ്കിൽ അവരത് അല്ലാഹുവിനോട് പറഞ്ഞ് നമുക്ക് വേണ്ടത് നേടിത്തരുന്നതാണ്. ഇത്തരമൊരു അപകടകരമായ ചിന്തയാണ് പിശാച് അവരിൽ പിന്നീട് കുത്തിവെച്ചത്. കാലക്രമേണ അതും അവർ ഏറ്റെടുക്കുകയായിരുന്നു! അതാണ് പിന്നീട് ഇന്ന് നാം കാണുന്ന അവസ്ഥയിലെത്തിച്ചത് എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു!

യഥാർത്ഥത്തിൽ ശിർക്കിനും വ്യക്തിപൂജക്കും യാതൊരു പഴുതുമില്ലാത്ത മതമാണ് ഇസ്‌ലാം. എന്നാൽ ആ ഇസ്‌ലാമിന്റെ പേരിൽ തന്നെ പിൽക്കാലത്ത് മേൽ പറഞ്ഞ ദാരുണമായ അവസ്ഥയുണ്ടായി എന്നതാണ് ഏറ്റവും വലിയ വിരോധാഭാസം!! പക്ഷെ, ഖബ്റുമായി ബന്ധപ്പെട്ട ഈ ദുഷിച്ച വിശ്വാസങ്ങൾ ആദ്യമായി സ്വാധീനിച്ചത് മുസ്‌ലിംകളെയായിരുന്നില്ല. പ്രത്യുത ഇസ്‌ലാമിന്റെ കൊടിയ ശത്രുക്കളായ ജൂതന്മാരെയും ക്രിസ്ത്യാനികളെയുമായിരുന്നു. പിന്നീടത് അവരിൽ നിന്നും മുസ്‌ലിംകൾ മെല്ലെമെല്ലെ പകർത്തിയെടുക്കുകയായിരുന്നു!! നബിﷺ തന്നെ അക്കാര്യം വ്യക്തമാക്കിയത് നോക്കൂ:

**(സ്വഹീഹുൽ ബുഖാരി, ഹദീസ് നമ്പർ: 1330)**



**ـ باب: ما يُكْرَهُ مِنِ اتِّخَاذِ المَسَاجِدِ عَلَى القُبُورِ**

١٣٣٠ ـ حَدَّثَنَا عُبَيْدُ اللهِ بْنُ مُوسى، عَنْ شَيْبَانَ، عَنْ هِلالٍ، هُوَ الوَزَّانُ، عَنْ عُرْوَةَ، عَنْ عائِشَةَ رَضِيَ اللهُ عَنْهَا، عَنِ النَّبِيِّ ﷺ قَالَ في مَرَضِهِ الَّذِي ماتَ فِيهِ: «لَعَنَ اللهُ اليَهُودَ وَالنَّصَارَى، اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسْجِداً». قَالَتْ: وَلَوْلاَ ذلِكَ لأَبْرَزُوا قَبْرَهُ، غَيْرَ أَنِّي أَخْشَى أَنْ يُتَّخَذَ مَسْجِداً.

ആയിശ(رضي الله عنها) നിവേദനം: നബി(ﷺ) പറഞ്ഞു: “ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിക്കട്ടെ! (കാരണം) അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ സാഷ്ടാംഗം ചെയ്യുന്ന (ആരാധനാ) കേന്ദ്രങ്ങളാക്കിയിരിക്കുന്നു. അവർ (ആയിശ(رضي الله عنها)) പറയുന്നു: ശേഷം വരുന്ന ആളുകൾ നബി(ﷺ)യുടെ ഖബ്റിനെ സുജൂദ് ചെയ്യുന്ന സ്ഥലമാക്കാതിരിക്കുമെന്ന് ഉറപ്പുണ്ടായിരുന്നുവെങ്കിൽ സഹാബിമാർ നബി(ﷺ)യുടെ ഖബ്റിനെ എന്റെ വീടിന് പുറത്ത് കുഴിക്കുമായിരുന്നു. എങ്കിലും വീട്ടിലായിരുന്നിട്ടും അതിനെ പള്ളിയാക്കപ്പെടുമോ എന്ന് ഞാൻ ഭയക്കുന്നു.” (ബുഖാരി: 1330, 1390, 4441, മുസ്‌ലിം: 529, ‘ഖബ്റുകൾ ആരാധനാ കേന്ദ്രങ്ങളാക്കൽ വെറുക്കപ്പെട്ടതാകുന്നു’ എന്ന അധ്യായം. നസാഈ: 2046, അഹ്മദ്: 25018, മുസ്വന്നഫ് അബ്ദുർറസാഖ്: 9987, 19368, ബൈഹഖി: 11740)

മറ്റൊരു ഹദീസ് ശ്രദ്ധിക്കുക: **(മുവത്ത്വഅ്: 2816)**



**٥ ـ بَابُ مَا جَاءَ فِي إِجْلاَءِ الْيَهُودِ مِنَ الْمَدِينَةِ**

[٢٨١٦] ١٧ ـ وَحَدَّثَنِي عَنْ مَالِكٍ، عَنْ إِسْمَاعِيلَ بْنِ أَبِي حَكِيمٍ؛ أَنَّهُ سَمِعَ عُمَرَ بْنَ عَبْدِالْعَزِيزِ يَقُولُ: كَانَ مِنْ آخِرِ مَا تَكَلَّمَ بِهِ رَسُولُ اللَّهِ ﷺ أَنْ قَالَ: «قَاتَلَ اللَّهُ الْيَهُودَ وَالنَّصَارَى. اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ. لاَ يَبْقَيَنَّ دِينَانِ بِأَرْضِ الْعَرَبِ». [جامع الأصول رقم (٣٦٧١)].

നബി(ﷺ) പറഞ്ഞു: “ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു! (കാരണം) അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ സാഷ്ടാംഗം ചെയ്യുന്ന (ആരാധനാ) സ്ഥലങ്ങളാക്കിയിരിക്കുന്നു.” (മുവത്ത്വഅ്. ഹദീസ് നമ്പർ: 2816)

ചിന്തിക്കുക, ഖബ്റുകളെ പ്രാർത്ഥനാ കേന്ദ്രങ്ങളാക്കിയതിന്റെ പേരിലാണ് ഇത്ര ഗൗരവത്തോടെ നബി(ﷺ) താക്കീത് ചെയ്യുന്നത്! എന്നാൽ, നമ്മുടെ ചുറ്റുപാടിലേക്ക് തിരിഞ്ഞു നോക്കൂ, ശാപവിധേയരായ അതേ ജൂത-ക്രൈസ്തവരുടെ പാതയിൽ തന്നെയല്ലേ ഇന്ന് നമ്മുടെ സമൂഹവും നിലകൊള്ളുന്നത്?! അതെ! ചാണിന് ചാണായും മുഴത്തിന് മുഴമായും അവരെ പിന്തുടരുന്ന കാഴ്ചയാണ് എങ്ങും നാം കാണുന്നത്. നബി(ﷺ)യുടെ പ്രവചനം എത്ര യാഥാർത്ഥ്യം! അവിടുന്ന് പറഞ്ഞു:

**(സ്വഹീഹുൽ ബുഖാരി: 7320)**



١٤ ـ باب: قَوْلِ النَّبِيِّ ﷺ: «لَتَتْبَعُنَّ سَنَنَ مَنْ كان قَبْلَكُمْ»

٧٣٢٠ ـ حَدَّثَنَا مُحَمَّدُ بْنُ عَبْدِ الْعَزِيزِ: حَدَّثَنَا أَبُو عُمَرَ الصَّنْعَانِيُّ، مِنَ الْيَمَنِ، عَنْ زَيْدِ ابْنِ أَسْلَمَ، عَنْ عَطَاءِ بْنِ يَسَارٍ، عَنْ أَبِي سَعِيدٍ الْخُدْرِيِّ، عَنِ النَّبِيِّ ﷺ قَالَ: «لَتَتْبَعُنَّ سَنَنَ مَنْ كان قَبْلَكُمْ، شِبْراً بِشِبْرٍ وَذِرَاعاً بِذِرَاعٍ، حتَّى لَوْ دَخَلُوا جُحْرَ ضَبٍّ تَبِعْتُمُوهُمْ». قُلْنَا: يا رَسُولَ اللَّهِ، الْيَهُودُ وَالنَّصارَى؟ قَالَ: «فَمَنْ».

“നിങ്ങൾ നിങ്ങളുടെ മുമ്പുള്ളവരുടെ ചര്യകളെ ചാണിന് ചാണായും മുഴത്തിന് മുഴമായും പിൻപറ്റുകതന്നെചെയ്യും! അവർ (പുണ്യം പ്രതീക്ഷിച്ചുകൊണ്ട്) ഒരു ഉടുമ്പിന്റെ മാളത്തിൽ പ്രവേശിച്ചാൽ നിങ്ങളും അവരെ പിൻപറ്റിക്കൊണ്ട് അതിൽ പ്ര

വേശിക്കും. ഞങ്ങൾ (സ്വഹാബികൾ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ജൂതന്മാരെയും ക്രിസ്ത്യാനികളെയുമാണോ (അങ്ങ് ഉദ്ദേശിച്ചത്)?, നബിﷺ പറഞ്ഞു: അവരെയല്ലാതെ മറ്റാരെയാണ്?!" (ബുഖാരി: 7320, 3456, മുസ്‌ലിം: 2669)

അപ്പോൾ, ശപിക്കപ്പെട്ടവരും വഴിപിഴച്ചവരുമായ യഹൂദികളുടെയും നസാറാക്കളുടെയും ദുഷിച്ച ചര്യകൾ മുസ്‌ലിംകൾ പിൽകാലത്ത് പിൻപറ്റുമെന്നാണ് ഇവിടെ നബിﷺ താക്കീത് ചെയ്യുന്നത്. അതിൽ പെട്ട അപകടകരമായതാണ് ഖബ്റുകളുമായി ബന്ധപ്പെട്ട അതിരുവിട്ട ഭക്തിബഹുമാനങ്ങളും അനുബന്ധ അനാചാരങ്ങളുമെല്ലാം! ഇതുസംബന്ധമായ നബിﷺയുടെ മറ്റൊരു താക്കീത് കൂടി നോക്കൂ:

**(സ്വഹീഹ് മുസ്‌ലിം: 532)**




**٢٣ - (٥٣٢) - حدثنا** أَبُو بَكْرِ بْنُ أَبِي شَيْبَةَ وَإِسْحَاقُ بْنُ إِبْرَاهِيمَ - وَاللَّفْظُ لِأَبِي بَكْرٍ - قَالَ إِسْحَاقُ: أَخْبَرَنَا. وَقَالَ أَبُو بَكْرٍ: حَدَّثَنَا زَكَرِيَّاءُ بْنُ عَدِيٍّ - عَنْ عُبَيْدِ اللَّهِ بْنِ عَمْرٍو؛ عَنْ زَيْدِ بْنِ أَبِي أُنَيْسَةَ، عَنْ عَمْرِو بْنِ مُرَّةَ، عَنْ عَبْدِ اللَّهِ بْنِ الْحَارِثِ النَّجْرَانِيِّ؛ قَالَ: حَدَّثَنِي جُنْدَبٌ قَالَ: سَمِعْتُ النَّبِيَّ ﷺ، قَبْلَ أَنْ يَمُوتَ بِخَمْسٍ، وَهُوَ يَقُولُ: «إِنِّي أَبْرَأُ إِلَى اللَّهِ أَنْ يَكُونَ لِي مِنْكُمْ خَلِيلٌ، فَإِنَّ اللَّهَ تَعَالَى قَدِ اتَّخَذَنِي خَلِيلاً، كَمَا اتَّخَذَ إِبْرَاهِيمَ خَلِيلاً، وَلَوْ كُنْتُ مُتَّخِذاً مِنْ أُمَّتِي خَلِيلاً لَاتَّخَذْتُ أَبَا بَكْرٍ خَلِيلاً، أَلَا وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدَ، أَلَا فَلَا تَتَّخِذُوا الْقُبُورَ مَسَاجِدَ، إِنِّي أَنْهَاكُمْ عَنْ ذَلِكَ».

"അറിയുക! നിങ്ങൾക്ക് മുമ്പുള്ള(പിഴച്ച)വർ അവരുടെ അമ്പിയാക്കളുടെയും സ്വാലിഹുകളുടെയും ഖബ്റുകളെ ആരാധനാ കേന്ദ്രങ്ങളാക്കിയിരുന്നു. നിങ്ങൾ കബ്റുകളെ ആരാധനാ സ്ഥലങ്ങളാക്കരുത്! നിശ്ചയം അത് ഞാൻ നിങ്ങൾക്ക് വിരോധിക്കുന്നു!!" (സ്വഹീഹ് മുസ്‌ലിം, ഹദീസ് നമ്പർ: 532)

ഖബ്റുകൾ വിളിച്ചുതേടപ്പെടുന്ന ശിർക്കിന്റെ കേന്ദ്രമാക്കുന്നതിനോടുള്ള നബിﷺയുടെ കടുത്ത വിരോധമാണിവിടെ പ്രകടിപ്പിക്കുന്നത്! അവിടുന്ന് മരണസമയത്തുപോലും താ ക്കീത് ചെയ്തത് പ്രധാനമായും ഇക്കാര്യമായിരുന്നു. മരണവേദന അനുഭവിക്കുന്ന ഘട്ടത്തിൽ അവിടുന്ന് പറഞ്ഞത് നോക്കൂ:

**(സ്വഹീഹുൽ ബുഖാരി: 3453, 3454)**



**٣٤٥٣ - ٣٤٥٤ - حدثني** بِشْرُ بْنُ مُحَمَّدٍ: أَخْبَرَنَا عَبْدُ اللَّهِ: أَخْبَرَنِي مَعْمَرٌ وَيُونُسُ، عَنِ الزُّهْرِيِّ قَالَ: أَخْبَرَنِي عُبَيْدُ اللَّهِ بْنُ عَبْدِ اللَّهِ: أَنَّ عَائِشَةَ وَابْنَ عَبَّاسٍ رَضِيَ اللَّهُ عَنْهُمْ قَالَا: لَمَّا نُزِلَ بِرَسُولِ اللَّهِ ﷺ، طَفِقَ يَطْرَحُ خَمِيصَةً عَلَى وَجْهِهِ، فَإِذَا اغْتَمَّ كَشَفَهَا عَنْ وَجْهِهِ، فَقَالَ وَهُوَ كَذَلِكَ: «لَعْنَةُ اللَّهِ عَلَى الْيَهُودِ وَالنَّصَارَى، اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ». يُحَذِّرُ مَا صَنَعُوا.

"ആയിശ(رضي الله عنها), ഇബ്നു അബ്ബാസ്(رضي الله عنه) എന്നിവർ നിവേദനം: നബിﷺ മരണരോഗം പിടിപെട്ട് സ്വന്തം പുതപ്പ് മുഖത്തിട്ടുകൊണ്ടിരുന്നു. അൽപം കഴിഞ്ഞ് വിഷമം തോന്നിയാൽ അത് മുഖത്തുനിന്നും നീക്കം ചെയ്യുകയും ചെയ്യും. ആ സമയത്ത് നബിﷺ ഇപ്രകാരം പറഞ്ഞു: "ജൂതന്മാരുടേയും ക്രിസ്ത്യാനികളുടേയും മേൽ അല്ലാഹുവി

ന്റെ ശാപമുണ്ടാകട്ടെ! അവർ തങ്ങളുടെ നബിമാരുടെ ഖബ്റുകളെ (അവരോട്) പ്രാർത്ഥന നടത്തുന്ന കേന്ദ്രങ്ങളാക്കിയിരിക്കുന്നു!!" അവരുടെ പ്രവർത്തനങ്ങളെ അനുകരിക്കരുതെന്ന് സ്വന്തം അനുയായികളെ താക്കീത് ചെയ്യുകയായിരുന്നു നബിﷺ." (സ്വഹീഹുൽ ബുഖാരി ഹദീസ് നമ്പർ: 3453, 3454, 4443, 4444, 5815, 5816, സ്വഹീഹ് മുസ്‌ലിം ഹദീസ് നമ്പർ: 531)

നോക്കൂ! മരണവുമായി മല്ലിടുന്ന അന്ത്യഘട്ടത്തിൽ പോലും ആ പുണ്യ പ്രവാചകൻ തന്റെ ഉമ്മത്തിന്റെ കാര്യത്തിൽ ഭയപ്പെട്ടത്, അവർ ഖബ്റുകളുടെ കാര്യത്തിൽ വഴിതെറ്റിപ്പോകുന്നതിനെയായിരുന്നു! ഒരു വസ്വിയ്യത്തായി അവിടുന്ന് നമ്മെ ഗൗരവപൂർവ്വം ഓർമപ്പെടുത്തിയതും അതായിരുന്നു!! എന്നിട്ടും നമ്മുടെ സമൂഹം എത്തിപ്പെട്ട അവസ്ഥയെന്താണ്?! നബിﷺ എന്താണോ ഭയപ്പെട്ടിരുന്നത് അത് അവരിൽ ശരിക്കും പുലരുന്ന കാഴ്ചക്കാണ് പിന്നീട് ചരിത്രം സാക്ഷ്യംവഹിച്ചത്! അല്ല, ജൂത-ക്രൈസ്തവരെ ഈ വിഷയത്തിൽ കടത്തിവെട്ടുന്ന തരത്തിൽ ഈ 'ഉത്തമസമുദായ' ത്തിലെ ചിലർ അധഃപതിച്ചു എന്ന് പറയുന്നതാകും ശരി!

എന്നാൽ, ഖബ്റുകളോടുള്ള അവരുടെ വഴിവിട്ട ബന്ധം ശാഫിഈ മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം സുയൂത്വി തന്നെ തന്റെ 'അൽഅംറു ബിൽ ഇത്തിബാഅ് വന്നഹ്‌യു അനിൽ ഇബ്തിദാഅ്'(സുന്നത്ത് പിൻപറ്റാനുള്ള കൽപനയും ബിദ്അത്ത് നിർമിക്കുന്നതിനെക്കുറിച്ച വിലക്കും) എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ പറയുന്നത് കാണുക:

**(അൽഅംറു ബിൽഇത്തിബാഅ് വന്നഹ്‌യു അനിൽ ഇബ്തിദാഅ്. പേജ്: 138)**



[ الوثنية كلها إنما كانت من تعظيم الموتى وقبورهم ]

وهذه العلة التي لأجلها نهى الشارع — صلى الله عليه وسلم — هي التي أوقعت كثيراً من الأمم، إما في الشرك الأكبر، أو فيما دونه. ولهذا تجد أقواما كثيرين من الضالين يتضرعون عند قبور الصالحين، ويخشعون، ويتذللون، ويعبدونهم بقلوبهم عبادة لا يفعلونها في بيوت الله: المساجد، بل ولا في الأسحار بين يدي الله تعالى، ويرجون من الصلاة عندها والدعاء ما لا يرجونه في المساجد، التي تُشد إليها الرحال. فهذه المفسدة هي التي أراد النبي — صلى

"വഴിപിഴച്ചുപോയവരിൽ ധാരാളം ആളുകളെ, സജ്ജനങ്ങളുടെ ഖബ്റുകളുടെ സമീപത്ത് താഴ്മയും ഭക്തിയും പ്രകടിപ്പിക്കുകയും, പള്ളികളിലോ പുലർച്ച സമയങ്ങളിലോ പോലും അല്ലാഹുവിന്റെ മുന്നിൽ മനസ്സുകൊണ്ട് കാണിക്കാത്ത ആരാധനാകർമ്മങ്ങൾ മാനസികമായി ഇവർക്ക് അർപ്പിക്കുന്നതായി നിനക്ക് കാണാം. അവിടെവെച്ച് പ്രാർത്ഥനയും നമസ്കാരവും നിർവ്വഹിക്കപ്പെടുന്നതിലൂടെ വിശുദ്ധമായ തീർത്ഥാടനത്തിന് അനുവദിച്ച മൂന്ന് പണ്യ പള്ളികളിൽ പോലും പ്രതീക്ഷിക്കാത്ത (ആഗ്രഹസഫലീകരണം) അവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു." (അൽഅംറു

ബിൽഇത്തിബാഅ് വന്നഹ്‌യു അനിൽ ഇബ്തിദാഅ്. പേജ്: 138)

ഖബ്റുകളുമായി ബന്ധപ്പെട്ട് നമ്മുടെ സമുദായം എത്തിപ്പെട്ട ആദർശ വ്യതിയാനത്തിന്റെ ആഴവും പരപ്പുമാണ് അർത്ഥവത്തായ വാക്കുകളിലൂടെ ഇമാം സുയൂത്വി ഇവിടെ ഓർമപ്പെടുത്തുന്നത്! ഇതൊരു പച്ചയായ വസ്തുതയാണെന്ന കാര്യം ഇന്ന് ആർക്കാണ് നിഷേധിക്കാൻ സാധിക്കുക?! എന്തിനധികം, നമ്മുടെ സമുദായം ഈ രംഗത്ത് ഇന്ന് എത്തിപ്പെട്ട അവസ്ഥ അതിനേക്കാൾ ദയനീയവും ഭീകരവുമാണ് എന്നതാണ് മറ്റൊരു വസ്തുത!! ഈ കൃതിയുടെ ഏതാനും പേജുകളിലൂടെ കടന്നുപോകുമ്പോൾ തന്നെ അക്കാര്യം മാന്യ വായനക്കാർക്ക് ബോധ്യപ്പെടുന്നതാണ്.

നമ്മുടെ സമുദായത്തിന് ഈ രംഗത്ത് സംഭവിച്ച മേൽ പറഞ്ഞ ആത്മീയ അധഃപതനം ശരിക്കും തിരിച്ചറിഞ്ഞതാണ് ഇത്തരമൊരു കൃതിയുടെ പിറവിക്കുള്ള ആധാരം. അതു കൊണ്ടുതന്നെ ഈ വിഷയത്തിൽ ഇസ്‌ലാമിന്റെ ശരിയായ നിലപാടുകളെന്താണെന്ന് പൊതുജനത്തെ പ്രാമാണികമായി ബോധ്യപ്പെടുത്തുക മാത്രമാണ് ഇവിടെ നിർവ്വഹിക്കുന്നത്. അതിലപ്പുറം മറ്റൊരു താൽപര്യവും ഈ ലേഖകനോ പ്രസാധകർക്കോ ഇല്ല. ഏതെങ്കിലും മഖ്ബറയിലുള്ളവരെയോ അതിന്റെ നടത്തിപ്പുകാരെയോ പണ്ഡിതന്മാരെയോ വിമർശിക്കലോ പരിഹസിക്കലോ ഞങ്ങളുടെ ഉദ്ദേശ്യമല്ല. തികഞ്ഞ ഗുണകാംക്ഷ മാത്രമമാണ് ഇതിനു പിന്നിൽ ഞങ്ങൾക്കുള്ളതെന്ന് ഒരിക്കൽ കൂടി അല്ലാഹുവിനെ സാക്ഷിനിർ ത്തി അറിയിക്കുന്നു.

മഖ്ബറകളോടനുബന്ധിച്ച് ഇന്ന് നടമാടിക്കൊണ്ടിരിക്കുന്ന ഏതാണ്ടെല്ലാ അനാചാരങ്ങളെയും ഇതിൽ ചർച്ചചെയ്തിട്ടുണ്ട്. അതും കൃത്യമായ രേഖകളുടെ വെളിച്ചത്തിൽ തന്നെ. കേട്ടുകേൾവികളോ നിഗമനങ്ങളോ ഒരിടത്തും സ്വാധീനിച്ചിട്ടില്ല എന്ന് ഉറപ്പിച്ച് പറയുന്നു. ഈ രംഗത്തുള്ള അനാചാരങ്ങളെ ബോധ്യപ്പെടുത്താൻ വേണ്ടി അതിന്റെ ലൈവായ ചിത്രങ്ങളും രേഖകളും പരമാവധി ഇതിൽ ഉൾപ്പെടുത്തി യിട്ടുമുണ്ട്. കാരണം, നാം എത്തിപ്പെട്ട ജാഹിലിയ്യത്ത് തിരിച്ചറിഞ്ഞാൽ മാത്രമേ ഇസ് ലാമിന്റെ വെളിച്ചം ബോധ്യപ്പെടുകയുള്ളൂ എന്നതുകൊണ്ടാണ് ആ ശൈലി സ്വീകരിച്ചിട്ടുള്ളത്. അക്കൂട്ടത്തിൽ മഖ്ബറകളോടനുബന്ധിച്ച് നടക്കുന്ന പൊതുവായ അനാചാരങ്ങൾ മാത്രമല്ല, ചില മഖാമുകളിൽ സവിശേഷമായി നടക്കുന്ന വിചിത്രമായ അനു ഷ്ഠാനങ്ങൾ വരെ ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ശേഷം അത്തരം വിഷയങ്ങളിൽ ഇസ്‌ലാമിന് പറയാനുള്ളതെന്താണെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ സ്ഥാപിച്ചിട്ടുമുണ്ട്. അതോടൊപ്പം, അനാചാരങ്ങളെ അരക്കിട്ടുറപ്പിക്കാൻ ശ്രമിക്കുന്ന പണ്ഡിത വേഷധാരികളുടെ വാദഗതികൾ അവരുടെ വരികളിൽ നിന്നുതന്നെ നേർക്കുനേരെ ഉദ്ധരിച്ച് മറുപടി പറഞ്ഞിട്ടുമുണ്ട്. ശേഷം അവക്കെല്ലാം ഇസ്‌ലാം നൽകുന്ന ശാശ്വതമായ പരിഹാരവും നിർദ്ദേശിച്ചിട്ടുണ്ട്. وبالله التوفيق.

**സത്യസന്ദേശം** പുസ്തക പരമ്പരയിലെ **പത്തൊമ്പതാമത്തെ** കൃതിയാണിത്. ഈ പരമ്പരയിലെ മറ്റു പുസ്തകങ്ങളെപ്പോലെ ഇതിന്റേയും പ്രധാന പ്രത്യേകത, തെളിവുകളെല്ലാം മൂല ഗ്രന്ഥങ്ങളിൽ നിന്നും ഒരു പുള്ളിക്കുപോലും മാറ്റം വരുത്താതെ നേരിട്ട് ചേർത്തതാണ് എന്നതു തന്നെ! അതുകൊണ്ട് തെളിവുകളും രേഖകളും നേരിട്ട് കാണുന്ന ഒരു പ്രതീതി ഇതിലൂടെ വായനക്കാർക്ക് അനുഭവപ്പെടുന്നതാണ്.

ഇതിന്റെ പിന്നിൽ ഈ ലേഖകന്റെ കുറേ കാലത്തെ അധ്വാനവും പരിശ്രമവുമുണ്ട്. ഇതിൽ കൊടുത്ത പല രേഖകളും കണ്ടെത്താനും കൈപറ്റാനും വേണ്ടി നിരവധി യാത്രകൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. കൂടാതെ പല സുഹൃത്തുക്കളും അതിനായി പ്രയ

ത്നിച്ചിട്ടുമുണ്ട്. അക്കൂട്ടത്തിൽ എന്തുകൊണ്ടും എടുത്തുപറയേണ്ടവരാണ് ശാജഹാൻ കാസർഗോഡ്, ബശീർ കാസർഗോഡ് എന്നിവർ. അതുപോലെ ഇത് വായിച്ച് ആവശ്യമായ തിരുത്തുകൾ നിർദ്ദേശിക്കുകയും മറ്റു ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത എന്റെ ബഹുമാന്യ പിതാവ് ഹംസ ബാഖവി, ബഹുമാന്യ ഉസ്താദ് അബ്ദുറഊഫ് നദ്‌വി, മുബാറക് ബിൻ ഉമർ, ആശയപരമായും സാങ്കേതികമായും സഹായമവലംബിച്ച മറ്റു സഹോദരങ്ങൾ, എല്ലാറ്റിലുമുപരി, സത്യസന്ദേശത്തിന്റെ ഇത്തരം കൃതികൾ വായിച്ചും മറ്റുള്ളവരെ വായിപ്പിച്ചും അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലെത്തിക്കുന്ന മാന്യ വായനക്കാർ... എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം എല്ലാവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏത് സാധാരണക്കാർക്കും പെട്ടെന്ന് മനസ്സിലാക്കാവുന്ന വിധം ലളിതമായി വിഷയങ്ങൾ അതവരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആവശ്യമായ പ്രാമാണങ്ങളുദ്ധരിക്കുന്നതിലും അനുബന്ധ രേഖകൾ ചേർക്കുന്നതിലുമെല്ലാം പരമാവധി സൂക്ഷ്മതപുലർത്തിയിട്ടുമുണ്ട്. എങ്കിലും മാനുഷികമായ അബദ്ധങ്ങൾ ഇനിയും അവശേഷിച്ചേക്കാം. അവ ശ്രദ്ധയിൽ പെട്ടാൽ അറിയിക്കണമെന്ന് മാന്യ വായനക്കാരോട് സവിനയം ഉണർത്തുന്നു.

വിഷയത്തിലേക്ക് കടക്കും മുമ്പ് ബഹുമാന്യ വായനക്കാരോട് മനസ്സിൽ തട്ടി ഒരു കാര്യം കൂടി പറയട്ടെ: ഈ കൃതി യാതൊരുവിധ മുൻധാരണകളുമില്ലാതെ, തികച്ചും നിഷ്പക്ഷമായി വായിക്കാനും വിലയിരുത്താനും നിങ്ങൾ ശ്രമിക്കുക! ഒരുപക്ഷെ ഇത് നിങ്ങളുടെ മനസ്സിൽ ഒരു കോളിളക്കം തന്നെ ഉണ്ടാക്കിയേക്കാം. കാരണം നാട്ടിലുള്ളതല്ല ഏട്ടിലുള്ളത് എന്ന് ഇതിലൂടെ നിങ്ങൾക്ക് ബോധ്യപ്പെടുന്നതാണ്!. അതിനാൽ തുറന്ന മനസ്സോടെ വായനയാരംഭിക്കുക! കൂടുതൽ പഠിക്കുക, ഉദ്ധരിച്ച തെളിവുകളെക്കുറിച്ച് ബോധ്യം വരുന്നില്ലെങ്കിൽ കൂടുതൽ അന്വേഷിക്കുക!! സത്യം ബോധ്യപ്പെടുകതന്നെ ചെയ്യും إن شاء الله.

ഞങ്ങളുടെ റബ്ബേ... എല്ലാ രഹസ്യങ്ങളുമറിയുന്നവനേ... ഈ ലേഖകനും പ്രസാധകർക്കും ഇതിനു പിന്നിൽ ഭൗതികമായ യാതൊരു താൽപര്യങ്ങളുമില്ല. അതുകൊണ്ട് ഇത് വായിക്കുന്ന മുഴുവൻ സഹോദരങ്ങൾക്കും നീ സത്യം വ്യക്തമായി കാണിച്ചു കൊടുക്കേണമേ..., ഇക്കാലമത്രയും പല കാരണങ്ങളാലും അസത്യത്തിൽ കഴിയേണ്ടി വന്നവർക്ക് നീ സത്യത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കേണമേ..., ഇസ്‌ലാമിന് സേവനം ചെയ്ത് വിടപറഞ്ഞുപോയ അമ്പിയാ-ഔലിയാ-സ്വാലിഹ്-ശുഹദാക്കളുടെ കൂടെ നിന്റെ വിശാലമായ ജന്നാത്തുൽ ഫിർദൗസിൽ ഞങ്ങളെയും നീ ഒരുമിച്ചു കൂട്ടേണമേ... (ആമീൻ)

**സഹോദരൻ,**

**എസ്.എസ്. ചങ്ങലീരി**

**ചങ്ങലീരി**
**23-2-2021**

---

*ഈ കൃതിയിൽ ചർച്ചചെയ്യുന്ന മഹാന്മാരുടെ പേരിലുള്ള ഖബ്റുകളെ കുറിച്ച് മഖ്ബറ, ജാറം, ദർഗ, മഖാം എന്നിങ്ങനെ പല സ്ഥലങ്ങളിലും മാറിമാറി പ്രയോഗിച്ചിട്ടുണ്ട്. എല്ലാം ഒരേ അർത്ഥത്തിലാണെന്ന കാര്യം വായനക്കാരെ പ്രത്യേകം അറിയിക്കുന്നു. പല പ്രദേശങ്ങളിലും പല പേരിലാണിതറിയപ്പെടുന്നത് എന്നതുകൊണ്ടാണ് ആ ശൈലി സ്വീകരിച്ചിട്ടുള്ളത്.*